

# ഐക്യകേരളം മലബാറിനോട് ചെയ്ത വിദ്യാഭ്യാസ വിവേചനത്തിന്റെ വർത്തമാനങ്ങൾ

**കവർ സ്റ്റോറി / ബഷീർ തൃപ്പനച്ചി**

ഇന്നത്തെ കേരളത്തിലെ കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകൾ മലബാർ എന്ന ഒരൊറ്റ ജില്ലയായി ബ്രിട്ടീഷ് ഇന്ത്യയുടെ മദ്രാസ് പ്രസിഡൻസിക്കു കീഴിലായിരുന്നു. 1792-ലെ ശ്രീരംഗപട്ടണം ഉടമ്പടി വഴി ടിപ്പു സുൽത്താനിൽനിന്നാണ് മലബാർ പ്രദേശങ്ങൾ ബ്രിട്ടീഷുകാർ പിടിച്ചുവാങ്ങിയത്. അന്നുമുതൽ 1947-ൽ രാജ്യം സ്വതന്ത്രമാകുന്നതുവരെ ബ്രിട്ടീഷ് രാജിന്റെ നേരിട്ടുള്ള ഭരണത്തിനു കീഴിലായിരുന്നു മലബാർ. ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷവും 1956 നവംബർ ഒന്നിന് മലയാളം സംസാരിക്കുന്നവർക്കെല്ലാം ഒരു സംസ്ഥാനമെന്ന മാനദണ്ഡത്തിൽ കേരളം പിറക്കുന്നതു വരെ മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായി തുടർന്നു. ഇന്ന് മലബാറിന്റെ ഭാഗമായി ഗണിക്കുന്ന കാസർകോട് ദക്ഷിണ കന്നഡയിലെ ഒരു താലൂക്കായിരുന്നു. സംസാരഭാഷയുടെ പേരിലാണ് കണ്ണൂർ ജില്ലയോട് ചേർന്ന ആ പ്രദേശത്തെയും കേരളത്തിൽ ഉൾച്ചേർത്തത്.

തിരുവിതാംകൂറും കൊച്ചിയും ഏകദേശം ഒരേ ചരിത്രവും സംസ്കാരവും പങ്കുവെക്കുന്ന നാട്ടുരാജ്യങ്ങളായിരുന്നു. ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിന്റെ ആഘാതങ്ങൾ ഇരുനാട്ടുരാജ്യങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടില്ല. അതുകൊണ്ടു കൂടിയാണ് ഐക്യകേരളം പിറവിയെടുക്കുന്നതിനു മുമ്പേ ഈ രണ്ട് നാട്ടുരാജ്യങ്ങൾക്ക് ലയിച്ച് തിരുകൊച്ചി എന്ന പുതിയ ഭരണ മേഖലയായി മാറാൻ എളുപ്പത്തിൽ സാധിച്ചത്. തിരുകൊച്ചിയിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നു ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിനു കീഴിലായിരുന്ന മലബാറിന്റെ ചരിത്രവും സംസ്കാരവും രാഷ്ട്രീയവും. ബ്രിട്ടീഷ് ഭരണത്തിനു മുമ്പ് പോർച്ചുഗീസുകാർക്കും ഡച്ചുകാർക്കുമെതിരെ നൂറ്റാണ്ടുകളോളം നീണ്ട അധിനിവേശവിരുദ്ധ പോരാട്ടത്തിൽ ഏർപ്പെട്ട ചരിത്രം കൂടി മലബാറിനുണ്ട്. ഈ പരമ്പര്യമറിയാവുന്ന ബ്രിട്ടീഷുകാർ മലബാറിലെ ജനങ്ങളെ ശത്രുക്കളായാണ് കണ്ടത്. അതിനാൽതന്നെ ബ്രിട്ടീഷ് ഭരണത്തിലുടനീളം മലബാറിലെ ജനങ്ങൾ ഭരണകൂട ചൂഷണങ്ങൾക്കും അടിച്ചമർത്തലുകൾക്കും വിധേയരായി. അധിനിവേശത്തിന്റെ ഒന്നാം തീയതി മുതലേ ബ്രിട്ടീഷ്വിരുദ്ധ പോരാട്ടവും മലബാറിൽ ഉദ്ഘാടനം ചെയ്യപ്പെട്ടിരുന്നു. ഭരണകൂട അനീതിക്കെതിരെ പോരാട്ടമില്ലാത്ത ഒരു കാലവും മലബാറിൽ കഴിഞ്ഞുപോയിട്ടില്ല. സ്വസ്ഥമായി ഭരിക്കാൻ അനുവദിക്കാത്ത ജനതക്ക് ഒരു കൊളോണിയൽ ഭരണകൂടം അതിന്റെ സൗകര്യങ്ങളോ സംവിധാനങ്ങളോ ഒരുക്കിക്കൊടുക്കില്ലെന്നത് സ്വാഭാവികമാണ്. മലബാറിൽ ജനോപകാരപ്രദമായ ഗവൺമെന്റ് സ്ഥാപനങ്ങളും സംവിധാനങ്ങളും ബ്രിട്ടിഷ്

കാലത്ത് നാമമാത്രമായിരുന്നു. സ്വാതന്ത്ര്യം നേടുന്നതു വരെ സ്കൂളുകളുടെയും കോളേജുകളുടെയും അവസ്ഥ യും ഇതുതന്നെയായിരുന്നു. തങ്ങൾ ഏതു അധിനിവേശ ഭരണകൂടത്തിന് എതിരെയാണോ പോരാടുന്നത് അവരുടെ ഭാഷയും സംസ്കാരവും പഠിപ്പിക്കുന്ന വിദ്യാലയങ്ങളെയും കലാലയങ്ങളെയും പോരാളികൾ ബഹിഷ്കരിക്കുക എന്നതും സ്വാഭാവികം. ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി ഒരു ഘട്ടത്തിൽ ഗാന്ധിജിയും കോൺഗ്രസ്സുമടക്കം ഇത്തരം ബഹിഷ്കരണങ്ങൾക്ക് ആഹ്വാനം ചെയ്തിട്ടുണ്ടായിരുന്നല്ലോ. മലബാറിലെ ഈ ബഹിഷ്കരണാഹ്വാനങ്ങളും ബ്രിട്ടീഷുകാർ കൊണ്ടുവന്ന ആധുനിക വിദ്യാഭ്യാസം നേടുന്നതിൽനിന്ന് മലബാറിലെ ജനങ്ങളെ പിറകോട്ടടുപ്പിച്ചിട്ടുണ്ട്.

ബ്രിട്ടീഷുകാരോട് അനുരഞ്ജനത്തിലേർപ്പെട്ട് ഭരണം നടത്തിയിരുന്ന തിരുവിതാംകൂറിലെയും കൊച്ചിയിലെയും സാമൂഹികാവസ്ഥ മലബാറിൽനിന്നും വ്യത്യസ്തമായിരുന്നു. പൊതുജനോപകാരപ്രദമായ ഒട്ടേറെ ഗവൺമെന്റ് പദ്ധതിക ളും സംവിധാനങ്ങളും ആ നാട്ടുരാജ്യങ്ങളിലുണ്ടായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെയവിടെ ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം ആരംഭിച്ചിരുന്നു. 1806-ൽ പ്രൊട്ടസ്റ്റന്റ് മിഷനറി റവ. വില്യം ട്രോബിസ് റിം ഗിൾടോബ് ആണ് ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ അവിടെ സ്ഥാപിക്കുന്നത്. 1817-ൽ ആദ്യത്തെ കോളേജായ കോട്ടയ ത്തെ സി.എം.എസും ആരംഭിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ തുടക്കം കുറിച്ച ഈ ആധുനിക വിദ്യാഭ്യാസം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലെത്തിയപ്പോൾ വ്യവസ്ഥാപിതമാ യി. അതുവരെ വിലക്കപ്പെട്ടിരുന്ന പല വിഭാഗങ്ങൾക്കും അത് ലഭ്യമായിത്തുടങ്ങുകയും ചെയ്തു. മിഷനറിമാരുടെ നേതൃ ത്വത്തിൽ ആരംഭിച്ച ആധുനിക വിദ്യാഭ്യാസത്തെ പിന്നീട് നാട്ടുരാജ്യങ്ങൾ ഏറ്റെടുത്തു. അധിനിവേശവിരുദ്ധ പോരാട്ട ത്തിന്റെ കാലുഷ്യമില്ലാത്തതിനാൽ സാമൂഹിക നവോത്ഥാന സംഘടനകളും വിദ്യാഭ്യാസ ശാക്തീകരണ കൂട്ടായ്മകളും തിരുകൊച്ചിയിൽ കേന്ദ്രീകരിച്ചു. മലബാറിൽ ഉപ്പുസത്യാഗ്ര ഹവും ബഹിഷ്കരണ പ്രക്ഷോഭവും ക്വിറ്റ് ഇന്ത്യാ സമരവും കൊടുമ്പിരി കൊള്ളുമ്പോൾ തിരുകൊച്ചിയിൽ ഭരണ സം വിധാനങ്ങളിലും ഉദ്യോഗസ്ഥ മേഖലകളിലും വിവിധ ജാതി സമുദായങ്ങൾക്ക് പങ്കാളിത്തം ആവശ്യപ്പെട്ടുള്ള സമരങ്ങളാ ണ് അരങ്ങേറിയിരുന്നത്. മലബാറിൽ ബ്രിട്ടീഷ്ഭരണവിരുദ്ധ പ്രക്ഷോഭങ്ങൾ സാമൂഹിക ജീവിതം തകിടംമറിച്ചപ്പോൾ ഉത്ത രവാദിത്ത ഭരണത്തിനു വേണ്ടിയുള്ള മുദ്രാവാക്യങ്ങളാണ് തിരുകൊച്ചിയിൽ മുഴങ്ങിയിരുന്നത്. ഈ സമരങ്ങളുടെയെ ല്ലാം ഗുണഫലങ്ങൾ തിരുകൊച്ചിയിലെ ജനങ്ങൾ അനുഭവി ച്ചുതുടങ്ങുമ്പോഴും മലബാറിൽനിന്ന് ബ്രിട്ടീഷുകാർ കപ്പൽ കയറിയിരുന്നില്ല.

രാജ്യം സ്വാതന്ത്ര്യം നേടി ഭാഷാടിസ്ഥാനത്തിൽ ഐ ക്യകേരളം പ്രഖ്യാപിക്കപ്പെട്ടപ്പോഴും മലബാർ എല്ലാ അർഥ ത്തിലും പിന്നാക്കമായിരുന്നു. ബ്രിട്ടീഷുകാരുടെ ഭരണവും അധിനിവേശ ശക്തികൾക്കെതിരെ നൂറ്റാണ്ടുകൾ നീണ്ട പോരാട്ടങ്ങളുമാണ് മലബാറിനെ പിന്നാക്കമാക്കിയത്. ഐ ക്യകേരളത്തിൽ മലബാറിനെ ലയിപ്പിക്കുമ്പോൾ അവരുടെ സ്വാതന്ത്ര്യസമര പോരാട്ട ചരിത്രം പരിഗണിച്ച് ഈ പ്രദേ ശങ്ങളെ എല്ലാ മേഖലകളിലും ശാക്തീകരിക്കാൻ ഭരണകൂ ടം പ്രത്യേകം പാക്കേജുകൾ വഴി പദ്ധതികളൊരുക്കണമാ യിരുന്നു. അത് അവരോട് ചെയ്യുന്ന സാമൂഹികനീതിയുടെ ഭാഗമായിരുന്നു. പക്ഷേ, അതുണ്ടായില്ലെന്നു മാത്രമല്ല ഐ ക്യകേരള ഭരണത്തിന്റെ നടത്തിപ്പുകാർ മലബാറിനെ ബോ ധപൂർവം ക്രൂരമായി അവഗണിക്കുകയായിരുന്നു. വികസന പദ്ധതികളും സംരംഭങ്ങളും കേരള ഭരണകൂടം വീതംവെച്ച പ്പോൾ ജനസംഖ്യാനുപാതികമായി മലബാർ അർഹിച്ചതു പോലും തടഞ്ഞുവെക്കപ്പെട്ടു. വികസന അജണ്ട തീരുമാ നിക്കുകയും നടപ്പാക്കുകയും ചെയ്യുന്ന സർക്കാർ ഓഫീസ് സംവിധാനങ്ങളെല്ലാം കേരളപ്പിറവി മുതൽ നിയന്ത്രിച്ചിരുന്ന ത് തിരുകൊച്ചിയിൽനിന്നുള്ളവരായിരുന്നു. ഐക്യകേരളം യാഥാർഥ്യമാക്കുന്നതിന്റെ ഭാഗമായി ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റും ജുഡീഷ്യറിയുടെ ആസ്ഥാനമായ ഹൈ ക്കോടതിയും തിരുവിതാംകൂറും കൊച്ചിയുമാണ് വീതിച്ചെടു ത്തത്. മലബാറിന് ഏതെങ്കിലും അധികാര കേന്ദ്രമോ ഉന്നത ഉദ്യോഗ സംവിധാനമോ ഈ വീതംവെപ്പിൽ ലഭിച്ചിരുന്നില്ല. കേരളപ്പിറവി മുതൽ മലബാർ നേരിടുന്ന ഈ അവഗണനയു ടെ ആഴമറിയാൻ കഴിഞ്ഞ 65 വർഷമായി കേരള സർക്കാർ




നടപ്പാക്കിയ ജനസേവന സംവിധാനങ്ങളുടെയും ഗവൺമെന്റ് സംരംഭങ്ങളുടെയും വികസന പദ്ധതികളുടെയും കണക്കെ ടുത്താൽ മതിയാകും. കേരളത്തിലെ 42 ശതമാനം ജനങ്ങൾ ജീവിക്കുന്ന മലബാറിലെ ആറ് ജില്ലകളിൽ ജനസംഖ്യാനുപ ാതികമായ വികസന പ്രവർത്തനങ്ങൾ ഉണ്ടായില്ലെന്ന് ആ കണക്കുകൾ വിളിച്ചുപറയും. ഐക്യകേരളത്തിന്റെ വിക സന വീതംവെപ്പിൽ തിരുകൊച്ചി എപ്പോഴും ജനസംഖ്യാ നുപാതികത്തിനപ്പുറം നേടിയെടുത്തപ്പോൾ മലബാറിന് ഒ രിക്കലും അർഹിച്ചതു പോലും ലഭിച്ചില്ല. കേന്ദ്ര-സംസ്ഥാന

പൊതുമേഖലാ സ്ഥാപനങ്ങൾ മുതൽ താലൂക്കുകൾ, പഞ്ചായത്തുകൾ, വില്ലേജുകൾ, സ്കൂളുകൾ, കോളേജുകൾ, വിദ്യാഭ്യാസ ഉപജില്ലകൾ, പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, റെയിൽവേ, കെ.എസ്.ആർ.ടി.സി ഡിപ്പോകൾ വരെയുള്ള ഏത് സംവിധാനങ്ങളുടെ കണക്കെടുത്താലും ഭീകരമായ ഈ വിവേചനം വ്യക്തമാകും.

### വിദ്യാഭ്യാസ മേഖലയിലെ വിവേചനങ്ങൾ

65 വർഷമായി തുടരുന്ന മലബാർ അവഗണനയുടെ വർത്തമാനം തിരിച്ചറിഞ്ഞുവേണം ഇന്ന് മലപ്പുറം മുതൽ കാസർകോട് വരെയുള്ള ആറ് ജില്ലകൾ അഭിമുഖീകരിക്കുന്ന ഹയർസെക്കന്ററി മുതൽ ഹയർ എജുക്കേഷൻ വരെയുള്ള വിദ്യാഭ്യാസ മേഖലയിലെ വിവേചനങ്ങളുടെ വേരുകൾ ചികയാൻ.

1956-നു ശേഷം കേരള സർക്കാറുകൾ അനുവദിച്ച പ്രൈമറി സ്കൂളുകളുടെ എണ്ണത്തിൽ ആരംഭിക്കുന്നു മലബാർ വിദ്യാഭ്യാസ വിവേചനത്തിന്റെ ചരിത്രം. 1965 മുതൽ 2021 വരെ എൽ.പി-യു.പി വിഭാഗങ്ങളിലായി 660 പ്രൈമറി സ്കൂളുകൾ തിരുകൊച്ചി മേഖലയിൽ അനുവദിച്ചപ്പോൾ മലബാർ ജില്ലകളിൽ ഇത് 554 ആണ്. ഇരു മേഖലയിലെയും ഹൈസ്കൂളുകളുടെ എണ്ണം മുതൽക്കാണ് വികസന വീതംവെപ്പിന്റെ വർധിതമായ അന്തരം പ്രകടമാകുന്നത്. 1961-ൽ തിരുകൊച്ചിയിൽ 650 ഹൈസ്കൂളുകളാണുണ്ടായിരുന്നത്. 2021-ൽ ഇത് 1909 ആണ്. ഇതിനിടക്ക് 1259 ഹൈസ്കൂളുകൾ പുതുതായി കേരള സർക്കാർ തിരുകൊച്ചി ജില്ലകളിൽ അനുവദിച്ചുവെന്നർഥം. എന്നാൽ 1961-ൽ മലബാറിൽ 234 ഹൈസ്കൂളുകളുണ്ടായിരുന്നത് 2021-ലെത്തുമ്പോൾ 1212 ആണ്. അറുപത് വർഷത്തിനിടയിൽ കേരള സർക്കാർ പുതുതായി കാസർകോട് മുതൽ പാലക്കാട് വരെയുള്ള ആറു ജില്ലകൾക്ക് അനുവദിച്ചത് 978 ഹൈസ്കൂളുകൾ മാത്രം. കേരളപ്പിറവിക്ക് മുമ്പേ സ്കൂളുകൾ കുറവുള്ള മലബാറിൽ കൂടുതൽ നൽകേണ്ടതിനു പകരം തിരുകൊച്ചിയിലാണ് അധികം നൽകിയത്. ഗവൺമെന്റ്/ എയ്ഡഡ് ഹൈസ്കൂളുകളുടെ എണ്ണം തിരുകൊച്ചിയിൽ 1709 ആകുമ്പോൾ മലബാറിലത് 953 മാത്രമാണ്. ടെക്നിക്കൽ ഹൈസ്കൂളുകളെടുത്താൽ മലബാറിനെ ഈ മേഖലയിൽ പരിഗണിച്ചിട്ടേയില്ലെന്ന് മനസ്സിലാകും. കൊല്ലത്തൊഴികെ തിരുകൊച്ചിയിലെ എല്ലാ ജില്ലകളിലും ടെക്നിക്കൽ സ്കൂളുകളുണ്ട്. എന്നാൽ മലബാറിൽ മലപ്പുറത്തും കോഴിക്കോട്ടും മാത്രമാണ് ടെക്നിക്കൽ ഹൈസ്കൂളുകളുള്ളത്. രണ്ടിടത്തുമായി വെറും 276 സീറ്റുകളാണുള്ളത്. എന്നാൽ എറണാകുളം ജില്ലയിലെ ടെക്നിക്കൽ സ്കൂളുകളിൽ മാത്രം 406 സീറ്റുകളുണ്ട്.

**മലബാറിലെ പ്രധാന യൂനിവേഴ്സിറ്റിയായ കാലിക്കറ്റ് സർവകലാശാലക്കു കീഴിൽ മാത്രം 477 കോളേജുകളാണ് അഫിലിയേറ്റ് ചെയ്തിരിക്കുന്നത്. യു.ജി.സി ചട്ടപ്രകാരം ഒരു യൂനിവേഴ്സിറ്റിക്കു കീഴിലെ അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം 100 ആണ്. യു.ജി.സി മാനദണ്ഡപ്രകാരം മാത്രം പുതിയ മൂന്ന് യൂനിവേഴ്സിറ്റികൾ മലബാറിൽ കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ പരിധിക്കകത്ത് ഉണ്ടാകണമെന്നർഥം. അധിക ബാധ്യത പേറുന്നതിന്റെ എല്ലാ സ്തംഭനാവസ്ഥയും മെല്ലെപ്പോക്കും കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ മുഖമുദ്രയാണ്.**

**പട്ടിക - ഒന്ന്**

| ജില്ല | +1 അപേക്ഷകർ | +1 സീറ്റുകൾ | കുറവ് |
|---|---|---|---|
| പാലക്കാട് | 42911 | 33097 | 9814 |
| മലപ്പുറം | 77668 | 61615 | 16053 |
| കോഴിക്കോട് | 48451 | 40312 | 8139 |
| വയനാട് | 12380 | 10296 | 2084 |
| കണ്ണൂർ | 37202 | 32837 | 4365 |
| കാസർകോട് | 19619 | 16718 | 2901 |
| **മൊത്തം** | **208231** | **194875** | **43356** |

### ഹയർ സെക്കന്ററി

മലബാർ ജില്ലകൾ കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി രൂക്ഷമായ സീറ്റ് പ്രതിസന്ധി അനുഭവിക്കുന്ന മേഖലയാണ് ഹയർ സെക്കന്ററി. പ്രീഡിഗ്രി നിർത്തലാക്കി സ്കൂളുകളിൽ പ്ലസ്ടു ആരംഭിച്ച 2000-ത്തിൽ തുടങ്ങിയതാണ് ഈ പ്രതിസന്ധി. നായനാർ മുഖ്യമന്ത്രിയും പി.ജെ ജോസഫ് വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന 2000-2001 കാലത്ത് ആദ്യമായി ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചപ്പോൾ പുലർത്തിയ വിവേചനത്തിന്റെ പ്രത്യാഘാതമാണ് മലബാർ ഇപ്പോഴും അനുഭവിക്കുന്നത്. അന്ന് ഹയർ സെക്കന്ററി അനുവദിച്ചപ്പോൾ തെക്കൻ ജില്ലകളിൽ യഥേഷ്ടം നൽകി; മലബാറിനാവശ്യമായത് നൽകാൻ സംസ്ഥാന ഭരണകൂടം തയാറായതുമില്ല. പത്താം ക്ലാസ് പരീക്ഷയിൽ വിജയശതമാനം കുറവായതിനാൽ പ്ലസ്ടു ആരംഭിച്ച ആദ്യ വർഷങ്ങളിലത് മലബാറിനെ സാരമായി ബാധിച്ചില്ല. പിന്നീട് എസ്.എസ്.എൽ.സി വിജയശതമാനം എഴുപത് ശതമാനത്തിനു മുകളിലേക്ക് ക്രമേണ മലബാർ ജില്ലകളും എത്തി. അതോടെ എസ്.എസ്.എൽ.സി എഴുപത് ശതമാനം മാർക്ക് ലഭിക്കുന്ന വിദ്യാർഥിക്ക് പോലും പ്ലസ് വൺ സീറ്റ് ലഭിക്കാത്ത സ്ഥിതി മലബാറിൽ ഉടലെടുത്തു. ഓരോ വർഷവും അര ലക്ഷത്തിലധികം വിദ്യാർഥികൾ പൊതുമേഖലയിൽ ഉപരിപഠനത്തിന് സീറ്റ് ലഭിക്കാതെ പ്രൈവറ്റ് സംവിധാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടുണ്ടായി. ഇത് ശാശ്വതമായി പരിഹരിക്കാൻ പുതിയ ഹയർ സെക്കന്ററികളും ബാച്ചുകളും അനുവദിക്കണമെന്നാവശ്യപ്പെട്ട് മല

ബാർ ജില്ലകളിൽ നിരന്തര സമരങ്ങളും മുറവിളികളുമുയർന്നുവെങ്കിലും നേരിയ പരിഹാര ശ്രമങ്ങൾക്കപ്പുറം സർക്കാർ ഒന്നും ചെയ്തില്ല. സീറ്റ് വർധനവെന്ന താൽക്കാലിക ആശ്വാസങ്ങൾ മാത്രമാണ് ഇടതുവലതു ഭരണകൂടങ്ങൾ കാലങ്ങളായി ഈ വിഷയത്തിൽ ചെയ്യുന്നത്. പ്ലസ് വൺ ആരംഭിച്ച് ഇരുപത് വർഷം പിന്നിട്ടിട്ടും ഇപ്പോഴും ഈ സീറ്റ് പ്രതിസന്ധി അപ്പടി മലബാറിൽ തുടരുന്നു. മലബാറിലെ ആറ് ജില്ലകളിലുമായി 208231 വിദ്യാർഥികളിലാണ് ഈ വർഷം പ്ലസ് വണ്ണിന് അപേക്ഷിച്ചിരിക്കുന്നത്. ഇരുപത് ശതമാനം സീറ്റ് വർധനവിനു ശേഷവും ഈ വർഷം മലബാറിൽ 194875 വിദ്യാർഥികൾക്കാണ് പ്ലസ് വൺ പഠന സൗകര്യമുള്ളത്. 43356 അപേക്ഷകർക്ക് പ്ലസ് വൺ പഠന സൗകര്യം ഈ വർഷവും ലഭിക്കില്ലെന്ന് ചുരുക്കം (പട്ടിക ഒന്ന് നോക്കുക).

വി.എച്ച്.എസ്.ഇ, ഐ.ടി.ഐ, പോളിടെക്നിക് പഠന സാധ്യതകൾ കൂടി പരിഗണിച്ചാലും ഈ വർഷം മലബാറിൽ ഉപരിപഠന സൗകര്യം ലഭിക്കാത്ത കാൽ ലക്ഷം വിദ്യാർഥികളുണ്ടാവും. മിക്ക തെക്കൻ ജില്ലകളിലും അപേക്ഷകരേക്കാൾ പ്ലസ് വൺ സീറ്റുകളുള്ളപ്പോഴാണ് ഇതെന്നോർക്കുക. പത്താം ക്ലാസ് പഠനശേഷമുള്ള മുഴുവൻ ഉപരിപഠന സൗകര്യങ്ങളും തെക്കൻ ജില്ലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. രണ്ടു ലക്ഷത്തോളം വരുന്ന പ്ലസ് വൺ സീറ്റുകൾക്ക് പുറമെ ഐ.ടി.ഐ, വി.എച്ച്.എസ്.ഇ, പോളിടെക്നിക്ക് മേഖലയിൽ 46931 സീറ്റുകൾ തിരുകൊച്ചി മേഖലയിലുണ്ട് (പട്ടിക രണ്ട് നോക്കുക).

മിക്ക വർഷങ്ങളിലും പഠിക്കാൻ കുട്ടികളില്ലാതെ ഈ ജില്ലകളിൽ പല കോഴ്സുകളുടെയും ബാച്ചുകൾ കാലിയായി കിടക്കലാണ് പതിവ്. ഒരേ മേഖലയിൽ സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ സീറ്റുകളും ബാച്ചുകളും വെറുതെ കിടക്കുമ്പോഴാണ് മലബാറിൽ




കാൽ ലക്ഷത്തിലധികം വിദ്യാർഥികൾ വിദ്യാഭ്യാസ ഭാവി അവതാളത്തിലായി തുടരുന്നത്.

**ഉന്നത വിദ്യാഭ്യാസം**

കേരളത്തിൽ സർക്കാർ, എയ്ഡഡ് മേഖലയിൽ 238 ആർട്സ് ആന്റ് സയൻസ് കോളേജുകളാണുള്ളത്. 151 കോളേജുകൾ തിരുകൊച്ചിലും 87 മലബാറിലും. 2014-ൽ ഉമ്മൻ ചാണ്ടി സർക്കാർ അനുവദിച്ച, ഇപ്പോഴും സ്വന്തം കെട്ടിടം പോലും ആവാതെ വാടക ബിൽഡിംഗുകളിൽ മിനിമം കോഴ്സും 500-ൽ താഴെ വിദ്യാർഥികളുമായി

**പട്ടിക -മൂന്ന്**

| ജില്ലകൾ | കോളേജുകളുടെ എണ്ണം (ഗവ., എയ്ഡഡ്) | യു.ജി സീറ്റുകൾ | പി.ജി സീറ്റുകൾ |
|---|---|---|---|
| തിരുവനന്തപുരം | 28 | 9297 | 3572 |
| കൊല്ലം | 15 | 6830 | 2005 |
| പത്തനംതിട്ട | 10 | 4541 | 1802 |
| ആലപ്പുഴ | 13 | 6147 | 1667 |
| ഇടുക്കി | 10 | 3229 | 662 |
| എറണാകുളം | 26 | 10879 | 4467 |
| തൃശൂർ | 25 | 10153 | 3208 |
| പാലക്കാട് | 17 | 5642 | 2086 |
| മലപ്പുറം | 22 | 6776 | 1613 |
| കോഴിക്കോട് | 20 | 6208 | 2330 |
| കണ്ണൂർ | 14 | 5439 | 1453 |
| വയനാട് | 6 | 2238 | 390 |
| കാസർകോട് | 8 | 2082 | 478 |

പ്രവർത്തിക്കുന്നവയടക്കമാണ് മലബാറിലെ 87 കോളേജുകൾ.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ മലബാർ വിവേചനം ഇങ്ങനെ കോളേജുകളുടെ എണ്ണത്തിൽ തുടങ്ങുന്നു. യു.ജി-പി.ജി സീറ്റുകളുടെ കണക്കെടുക്കുമ്പോൾ വിവേചന വിടവ് വീണ്ടും വർധിക്കും. പൊതുമേഖലയിൽ 90417

**പട്ടിക - രണ്ട്**

| | വി.എച്ച്.എസ്.ഇ സീറ്റുകൾ | ഐ.ടി.ഐ സീറ്റുകൾ | പോളിടെക്നിക്ക് സീറ്റുകൾ | ആകെ സീറ്റുകൾ |
|---|---|---|---|---|
| മലബാർ | 9625 | 12200 | 4175 | 26000 |
| തിരുകൊച്ചി | 17900 | 21416 | 7615 | 46931 |

**പട്ടിക -നാല്**

| | ലോ കോളേജുകൾ | ബി.എഡ് കോളേജുകൾ | ടി.ടി.ഐകൾ | കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് | ഫാഷൻ ഡിസൈനിംഗ് |
|---|---|---|---|---|---|
| മലബാർ | 1 | 6 | 28 | 7 | 16 |
| തിരുകൊച്ചി | 3 | 15 | 63 | 10 | 26 |
| മൊത്തം | 4 | 21 | 91 | 17 | 42 |

യു.ജി സീറ്റുകളാണ് കേരളത്തിലുള്ളത്. ഇതിൽ 62032 സീറ്റുകളും തിരുകൊച്ചി ജില്ലകളിലാണ്. മലബാറിൽ കേവലം 28385 യു.ജി സീറ്റുകളാണുള്ളത്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിലെ പി.ജി സീറ്റുകൾ 29292 ആണ്. ഇതിൽ 20942 സീറ്റും തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിലാണ്. വെറും 8350 പി.ജി സീറ്റുകൾ മാത്രമാണ് മറ്റു ആറു ജില്ലകളിലുള്ളത് (പട്ടിക മൂന്ന് നോക്കുക).

മെഡിക്കൽ, എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണത്തിലും സീറ്റുകളിലും ഈ വിവേചനത്തിന്റെ തുടർച്ച കാണാം. ഏറ്റവും കൂടുതൽ ഹയർ സെക്കന്ററി വിദ്യാർഥികൾ വിജയിക്കുന്ന മലപ്പുറം ജില്ലയിലും പിന്നാക്ക ജില്ലയായ കാസർകോട്ടും ഒരൊറ്റ സർക്കാർ എഞ്ചിനീയറിംഗ് കോളേജുമില്ല. മറ്റു പ്രഫഷണൽ ട്രെയ്നിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും കോഴ്സുകളുടെയും സ്ഥിതിയും ഭിന്നമല്ല. മലപ്പുറം, വയനാട്, കാസർകോട് ജില്ലകളിൽ സർക്കാറിനു കീഴിൽ ബി.എഡ് കോളേജുകളില്ല. സംസ്ഥാനത്തെ 21 ബി.എഡ് കോളേജുകളിൽ 15-ഉം തിരുകൊച്ചി ജില്ലകളിലാണ്. ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ (ടി.ടി.ഐ) സ്ഥിതിയും തഥൈവ. 91 ടി.ടി.ഐകളിൽ 63 എണ്ണവും തിരുകൊച്ചിയിൽ, മലബാറിൽ 28 മാത്രം. 4911 ടി.ടി.ഐ സീറ്റുകളാണ് സംസ്ഥാനത്തുള്ളത്. ഇതിൽ 3311 സീറ്റും മലബാറിനു പുറത്താണ്. 1600 മാത്രമാണ് പാലക്കാട് മുതൽ കാസർകോട് വരെയുള്ള ജില്ലകളിലുള്ളത്. നാല് ലോ കോളേജുകളിൽ കോഴിക്കോട്ടെ ഒന്നു മാത്രമാണ് മലബാറിന് അവകാശപ്പെട്ടത്. കൊമേഴ്സ്യൽ, ഫാഷൻ ഡിസൈനിംഗ് കോഴ്സുകളുടെ കണക്കുകൾ ഇതിന്റെ തുടർച്ചയാണ് (പട്ടിക നാല് നോക്കുക).

**യൂനിവേഴ്സിറ്റികൾ**

നിലവിൽ കേരളത്തിലെ 17 യൂനിവേഴ്സിറ്റികളിൽ മലബാറിലുള്ളത് അഞ്ചെണ്ണം മാത്രമാണ്. മലബാറിലെ പ്രധാന യൂനിവേഴ്സിറ്റിയായ കാലിക്കറ്റ് സർവകലാശാലക്കു കീഴിൽ മാത്രം 477 കോളേജുകളാണ് അഫിലിയേറ്റ് ചെയ്തിരിക്കുന്നത്. യു.ജി.സി ചട്ട പ്രകാരം ഒരു യൂനിവേഴ്സിറ്റിക്കു കീഴിലെ അഫിലിയേറ്റഡ് കോളേജുകളുടെ എണ്ണം 100 ആണ്. യു.ജി.സി മാനദണ്ഡ പ്രകാരം മാത്രം പുതിയ മൂന്ന് യൂനിവേഴ്സിറ്റികൾ മലബാറിൽ കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ പരിധിക്കകത്ത് ഉണ്ടാകണമെന്നർഥം. അധിക ബാധ്യത പേറുന്നതിന്റെ എല്ലാ സ്തംഭനാവസ്ഥയും മെല്ലെപ്പോക്കും കാലിക്കറ്റ് യൂനിവേഴ്സിറ്റിയുടെ മുഖമുദ്രയാണ്.

**മലബാറിൽ അനുവദിക്കപ്പെട്ട സ്വാശ്രയ കോളേജുകളിലെ ബിരുദ സീറ്റുകൾ ഉപയോഗപ്പെടുത്തിയാൽ പോലും ഓരോ വർഷവും ഹയർ സെക്കന്ററി പാസ്സാകുന്ന ഒരു ലക്ഷത്തിനടുത്ത് വിദ്യാർഥികൾക്ക് സ്വന്തം ജില്ലകളിൽ ഉപരിപഠന സാധ്യതകളുണ്ടാകാറില്ല. പ്ലസ്ടു പാസ്സാകുന്ന വിദ്യാർഥികളുടെ നേർ പകുതിക്ക് താഴെയാണ് മലബാർ ജില്ലകളിൽ ഉന്നത പഠന സൗകര്യമുള്ളത്. എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഹയർ സെക്കന്ററി പാസ്സാകുന്നവരേക്കാൾ ഉന്നത പഠന സീറ്റുകളുള്ളപ്പോഴാണ് മലബാർ ജില്ലകളിൽ മാത്രം ഈ പ്രതിസന്ധി അപരിഹാര്യമായി തുടരുന്നത്.**

മലബാറിൽ അനുവദിക്കപ്പെട്ട സ്വാശ്രയ കോളേജുകളിലെ ബിരുദ സീറ്റുകൾ ഉപയോഗപ്പെടുത്തിയാൽ പോലും ഓരോ വർഷവും ഹയർ സെക്കന്ററി പാസ്സാകുന്ന ഒരു ലക്ഷത്തിനടുത്ത് വിദ്യാർഥികൾക്ക് സ്വന്തം ജില്ലകളിൽ ഉപരിപഠന സാധ്യതകളുണ്ടാകാറില്ല. പ്ലസ്ടു പാസ്സാകുന്ന വിദ്യാർഥികളുടെ നേർ പകുതിക്ക് താഴെയാണ് മലബാർ ജില്ലകളിൽ ഉന്നത പഠന സൗകര്യമുള്ളത്. എറണാകുളം, കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഹയർ സെക്കന്ററി പാസ്സാകുന്നവരേക്കാൾ ഉന്നത പഠന സീറ്റുകളുള്ളപ്പോഴാണ് മലബാർ ജില്ലകളിൽ മാത്രം ഈ പ്രതിസന്ധി അപരിഹാര്യമായി തുടരുന്നത്. മലബാർ ജില്ലകളിൽ ഒരൊറ്റ ഗവൺമെന്റ് കോളേജുകൾ പോലുമില്ലാത്ത നിയമസഭാ മണ്ഡലങ്ങൾ ഇപ്പോഴുമുണ്ട്. മലബാറിൽ പുതിയ യൂനിവേഴ്സിറ്റികളും കോളേജുകളും ഹയർ സെക്കന്ററി ബാച്ചുകളും അനുവദിക്കുക മാത്രമാണ് ഈ വിദ്യാഭ്യാസ പ്രതിസന്ധിക്ക് പരിഹാരം. പത്താം ക്ലാസ് വിജയികൾക്ക് ആനുപാതികമായി ഹയർ സെക്കന്ററി സീറ്റുകളും പ്ലസ്ടു പാസ്സാകുന്ന വിദ്യാർഥികൾക്ക് ആനുപാതികമായി ഉന്നത പഠന സീറ്റുകളും ഉണ്ടാകും വിധമുള്ള മലബാർ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാർ തയാറാകണം. ഐക്യ കേരളത്തിലെ എല്ലാ പൗരന്മാരും തുല്യ അവകാശമുള്ളവരാണ്. പ്രദേശപരമായ വിവേചനങ്ങളുണ്ടാകുന്നത് സാമൂഹിക അനീതിയാണ്. കഴിഞ്ഞ അറുപത്തിയഞ്ച് വർഷത്തെ ഐക്യ കേരള സർക്കാറുകളുടെ വികസന വീതംവെപ്പിൽ ആ അനീതി ഉണ്ടായിട്ടുണ്ടെന്നാണ് ഈ വിവേചന ഭീകരതയുടെ കണക്കുകൾ തെളിയിക്കുന്നത്. ഒരു അനീതി തിരിച്ചറിഞ്ഞാൽ ഘട്ടംഘട്ടമായെങ്കിലും പൂർണമായി പരിഹരിക്കാനുള്ള ശ്രമങ്ങളാണ് സാമൂഹിക നീതിയിൽ വിശ്വസിക്കുന്ന ഒരു ഭരണകൂടത്തിൽനിന്ന് വിവേചനമനുഭവിക്കുന്ന പൗരന്മാർ പ്രതീക്ഷിക്കുന്നത്. മലബാറിന്റെ വിദ്യാഭ്യാസ വിഷയത്തിലും അതുണ്ടാകുമെന്നാണ് പ്രതീക്ഷ. അതാകട്ടെ 2021 നിയമസഭാ ഇലക്ഷൻ മാനിഫെസ്റ്റോയിൽ ഇടതുപക്ഷം വാഗ്ദാനം ചെയ്തതുമാണ്. തെരഞ്ഞെടുപ്പു വാഗ്ദാനം പാലിച്ച് സാമൂഹികനീതി നടപ്പാക്കാൻ എൽ.ഡി.എഫ് സർക്കാർ തയാറാകണം. ●